Name: Adhidev T.P

Subject: DiaRy

# VISSION 2030

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

GLPS

kuttoor

Pandichenbhagom

## ഉള്ളടക്കം

* അടിസ്ഥാന വിവരങ്ങൾ
* ആമുഖം
* ലക്ഷ്യങ്ങൾ
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പ
* പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ
* നിലവിലെ അവസ്ഥാ വിശകലനം
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർ
  നങ്ങൾ - ഒറ്റനോട്ടത്തിൽ
* പദ്ധതി വിശദാംശങ്ങൾ
  [മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തന
  കാലം, ചുമതല, സാമ്പത്തികം]
* പ്രതീക്ഷിത നേട്ടങ്ങൾ
* മോണിട്ടറിംഗ്
* ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ.എൽ.പി സ്കൂൾ കുറ്റൂർ
പാണ്ടിശ്ശേരിഭാഗം

വിലാസം : കുറ്റൂർ പി.ഒ, തിരുവല്ല
പത്തനംതിട്ട

ഫോൺ : 0469 2614433

സ്കൂൾ കോഡ് : 37304

വിദ്യാഭ്യാസ ഉപജില്ല : പുല്ലാട്

വിദ്യാഭ്യാസ ജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

ബി.ആർ.സി : പുല്ലാട്

സി.ആർ.സി : കുറ്റൂർ

ഗ്രാമപഞ്ചായത്ത് : കുറ്റൂർ

ബ്ലോക്ക് പഞ്ചായത്ത് : പുളിക്കീഴ്

ജില്ല പഞ്ചായത്ത് : പത്തനംതിട്ട

നിയമസഭാമണ്ഡലം : തിരുവല്ല

ലോകസഭാമണ്ഡലം : പത്തനംതിട്ട

താലൂക്ക് : തിരുവല്ല

വില്ലേജ് : കുറ്റൂർ

ഇ.മെയിൽ : glps kuttoor Pandichery @ gmail.com

സ്കൂൾ വിക്കി : പത്തനംതിട്ട ജില്ല

## ആമുഖം

പാണ്ടിശ്ശേരിഭാഗം വീട്ടുകാർ സർക്കാരിന് സ്കൂളും സ്ഥലവും വിട്ടുനൽകിയപ്പോൾ സ്കൂളിന്റെ പേരിന്റെ കൂടെ പാണ്ടിശ്ശേരിഭാഗം എന്നുകൂടി ചേർക്കണമെന്ന് ആവശ്യപ്പെട്ടത് അനുസരിച്ച് സ്കൂളിന്റെ പേര് ഗവ. ജി.എൽ. പി സ്കൂൾ കുറ്റൂർ പാണ്ടിശ്ശേരിഭാഗം എന്നായി. പുലിയപ്പാറ എന്ന പ്രദേശവും പുലിയിറങ്ങി എന്ന് പറയപ്പെടുന്നതിനാലും പുലിയപ്പാറ സ്കൂൾ എന്നും പൊട്ടൻമല പള്ളി, ക്ഷേത്രം എന്നിവ സമീപത്ത് ഉള്ളതിനാൽ 'പൊട്ടൻമല പള്ളിക്കൂടം' എന്നും ഈ 'സരസ്വതി വിദ്യാലയം' അറിയപ്പെടുന്നു.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെടുത്തി നേടേണ്ട മുഴുവൻ കുട്ടികളും ശേഷികളും കുട്ടിക്ക് ലഭ്യമായിയെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുക

ളും ചെയ്യുക.

* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹ-
ചര്യങ്ങളും ഒരുക്കി കൊടുക്കുക.

* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി
അവർക്ക് ആവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും
ആവിഷ്കരിക്കുക.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ
കുറ്റൂർ ഗ്രാമപഞ്ചായത്തിൽ 4-ാം വാർഡിൽ സ്ഥിതി
ചെയ്യുന്ന ഏക സർക്കാർ വിദ്യാലയമാണ് ഗവ. എൽ.പി
സ്കൂൾ കുറ്റൂർ പാണ്ടിശ്ശേരിഭാഗം. കുറ്റൂർ പാണ്ടിശ്ശേരിൽ
കൊച്ചുപുരയ്ക്കൽ ശ്രീ. പി.വി ചാക്കോ (ഉണ്ണൂണ്ണിസാർ)
എന്ന അധ്യാപകൻ പാണ്ടിശ്ശേരി മലയിൽ ശ്രീ. പി. സി
ഏബ്രഹാം പട്ടുകാലായിൽ ശ്രീ. പി.ഒ ഉണ്ണിട്ടൻ, കാത്താ
ശ്ശേരി ശ്രീ ഉതുപ്പ് എന്നിവരുമായി ചേർന്ന് പാണ്ടി-
ശ്ശേരിഭാഗം എൽ.പി. എസ്സ് എന്ന് പേര് നൽകി. 1914
ൽ ഈ സ്കൂൾ സ്ഥാപിച്ചു. 1947-ൽ സർക്കാരിന്
വിട്ടുകൊടുത്തു. നാട്ടിലെ മതേതരവിദ്യാഭ്യാസത്തിന

നെടുംതൂണായിരുന്ന ഈ വിദ്യാലയ മുത്തശ്ശി സമൂഹത്തിൽ
വിവിധ നിലകളിൽ പ്രഗത്ഭരായ അനേകം പ്രതിഭകളെ
നാടിന് സമ്മാനിച്ചിട്ടുണ്ട്. ഈ വിദ്യാലയമുത്തശ്ശിയ്ക്ക്
ഈ അധ്യയന വർഷത്തിൽ 111 വയസ്സ് പൂർത്തിയാകുന്നു.

പ്രീ പ്രൈമറി മുതൽ 4 ക്ലാസുവരെ പ്രവർത്തി
ക്കുന്ന ഒരു വിദ്യാലയമാണിത്. 2016 ജൂൺ 29 മുതൽ
പ്രീപ്രൈമറി പ്രവർത്തിച്ചുവരുന്നു. നിലവിൽ അംഗീ
കാരമില്ല. തന്റെ കുട്ടികൾ നേരിടുന്ന ഒരു വലിയ
അക്കാദമിക പ്രശ്നത്തിന് പരിഹാരം കാണാൻ തന്റെ
കുട്ടികൾ ഒരു നിശ്ചിതശേഷി ആർജ്ജിക്കാൻ ആ അക്കാദമി
കവർഷത്തിലോ അല്ലെങ്കിൽ അക്കാദമികവർഷത്തിലെ
ഒരു നിശ്ചിത കാലയളവിന്റെ ഉള്ളിലോ നടപ്പിലാക്കി നിശ്ചി
തശേഷി കൈവരിക്കാൻ സഹായിക്കുന്ന പ്രവർത്തന
ങ്ങളുടെ പാക്കേജ് ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ.
ഭാഷ, ഗണിതം, പരിസരപഠനം എന്നീ മേഖലകൾക്ക്
പഠനവിടവ് നികത്തിക്കൊണ്ട് കുട്ടികളെ സ്വയം
പഠനത്തിന് പ്രാപ്തനാക്കുവിധമാണ് പ്രവർത്ത-
നങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ

താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

- ശുചിത്വ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

## പദ്ധതിരൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.
- ശില്പശാലകൾ വിളിച്ചുചേർത്ത് അവരുടെ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- SRG, SMC, MPTA, പൂർവ്വ വിദ്യാർത്ഥി സംഘടന, പ്രാദേശിക രാഷ്ട്രീയ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- സ്കൂളിന്റെ ഭൗതികവും അക്കാദമികവും സാമൂഹിക വിത...ന ആവശ്യങ്ങൾ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- പാണ്ടിശ്ശേരി സ്കൂളിനെ ജില്ലയിലെ മികച്ച സ്കൂളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ mission 2030 SRG യിൽ അവതരിപ്പിക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

### എ. ഭൗതികം – നേട്ടങ്ങൾ

എല്ലാം ക്ലാസുകളിലേക്കും കുട്ടികളെ പഠിപ്പിക്കുന്നതിന് ആവശ്യമായ ലാപ്പുടോപ്പുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. അത് കുട്ടികളെ യഥാസമയം പഠിപ്പിക്കുന്നു. IT @ സ്കൂളിൽ നിന്ന് 1 ലാപ്ടോപ്പും 1 പ്രോജക്ടറും ലഭിച്ചിട്ടുണ്ട്. അത് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് projector ഉപയോഗിച്ച് കുട്ടികൾക്ക് വീഡിയോകൾ കാണിക്കാറുണ്ട്. കൂടാതെ പഞ്ചായത്തിൽ നിന്ന് ഉച്ചഭക്ഷണ പദ്ധതിക്ക് ആവശ്യമായ പാത്രങ്ങൾ, ഫ്രിഡ്ജ്, മിക്സി എന്നിവയും ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യസ്ഥിതി check ചെയ്യുന്നതിന്റെ ഭാഗമായി weighing machine ലഭിച്ചിട്ടുണ്ട്. കൂടാതെ കളി ഉപകരണങ്ങളും ലഭിച്ചിട്ടുണ്ട്.

### ബി. ഭൗതികം – പരിമിതികൾ

നിലവിൽ പ്രീ-പ്രൈമറി മുതൽ 4 വരെ 62 കുട്ടികൾ പഠിക്കുന്നു. (LP-50, preprimary-12) ഇത്രയും കുട്ടികൾക്ക് അധ്യയനം നടത്തുന്നതിന്

കലാ-പ്രവൃത്തി പരിചയം എന്നിവയിൽ പ്രാവീണ്യമുള്ള ഉള്ളവരെ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് PEC യിൽ അറിയിച്ചിട്ടുണ്ട്.

## സാമൂഹികം

പൂർവ്വ വിദ്യാർത്ഥി സംഘടന, SSG, പഞ്ചായത്ത്, PTA എന്നിവിടങ്ങളിൽ നിന്നും മികച്ച സാമൂഹിക പിന്തുണ സ്കൂളിന് ലഭിക്കുന്നുണ്ട് പൂർവ്വ വിദ്യാർത്ഥി സംഘടന പ്രതിനിധികൾ P.O ഗോപി, സജി പാണ്ടിശ്ശേരി എന്നിവർ സ്കൂളിന് ഊഞ്ഞാൽ നിർമ്മിച്ചു നൽകി. അശോക് കുമാർ കുട്ടികൾക്ക് രണ്ട് സൈക്കിൾ (3 wheel) നൽകി. TK സുകുമാരൻ ആവശ്യമായ പാത്രങ്ങൾ നൽകി. PI മൈസക് കുട്ടികൾക്ക് ഫലവൃക്ഷത്തൈകൾ നൽകാറുണ്ട്. MR പരമേശ്വരൻ പിള്ള എല്ലാവർഷവും മികച്ച കുട്ടികൾക്കുള്ള ക്യാഷും, ട്രോഫിയും നൽകുന്നു. സ്കൂളിന് വിവിധ വാർത്തകളും ഫോട്ടോസും വിധിയക്കു

കളിൽ നൽകുന്നു. അതിന് ആവശ്യമായ ഫോട്ടോസും വീഡിയോസും എടുക്കുന്നതിന് സ്റ്റീഫിന്റെ സേവനവും പ്രശംസനീയമാണ്.

പദ്ധതി വിശദാംശങ്ങൾ

ഭാഷ

പ്രവർത്തനം : വായന പരിപോഷണം, രചനോത്സവം, പാട്ടരങ്ങ്

മേഖല : അക്കാദമികം

ഉപമേഖല : വായന, ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഓരോ ക്ലാസ് അനുസരിച്ച് വിവിധ പുസ്തകങ്ങൾ വായിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. കുട്ടികളെ വായനക്കാരനാക്കുക | • അക്ഷരം, ചിഹ്നം ഉറപ്പിക്കൽ,- വായന കാർഡ്. • ചിത്രം - അടിക്കുറിപ്പ് നൽകൽ. • കഥാബാക്കി പറയൽ, പുസ്തകമരം, സംയുക്തഡയറി എഴുതൽ, സാങ്കല്പികഡയറി എഴുതൽ. • കഥാപുസ്തകം | ജൂൺ മുതൽ മാർച്ച് | പത്രം<br>സ്കൂൾ ലൈബ്രറി<br>കമ്പ്യൂട്ടർ | BRC<br>SCERT |

| | | | | |
|---|---|---|---|---|
| | നൽകി - റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കൽ.<br>• വായനാക്കൂട്ടം രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, പത്രവായന<br>• വായനോത്സവം സംഘടിപ്പിക്കൽ.<br>• മലയാളമധുരം<br>• രചനോത്സവം<br>• ബാലസഭ - കാവ്യോത്സവം, പാട്ടരങ്ങ്<br>• വായനാക്കൂട്ടം<br>• ഇ - വായന | | | |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പരിസരം ആകർഷണീയമാക്കൽ. | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരിൽ ചിത്രം പ്രദർശിപ്പിക്കുന്നു. | | | Teac |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | വായനമരം, ക്ലാസുമുറികളിലെ ലൈബ്രറി, ആകർഷമായ വായനാക്കാർഡുകൾ, ഇന്റർനെറ്റിൽ | | | |

| | | | | |
|---|---|---|---|---|
| | • പാമ്പും കോണി<br>യും, oyasis Sand-<br>try.<br>• ജിപ്സം ബോർഡ്<br>• അരവിന്ദ ഗുപ്ത<br>സ്ടിപ്പ്<br>• സംഖ്യാചക്രം,<br>സമയനാട, ക്ലോക്ക്,<br>മുത്ത് കോർക്കൽ,<br>റോക്കറ്റിൽ കയറാം<br>ചന്ദ്രനിൽ എത്താം,<br>ഗണിതച്ചുമർ.<br>• ഗണിതക്കാർഡ്<br>(സംഖ്യാകളി), കുട്ടി<br>കളിൽ സങ്കലനം,<br>വ്യവകലനം, ഗുണ<br>നം എന്നിവ<br>ഉറപ്പിക്കുന്ന. | | | |

| | | | |
|---|---|---|---|
| | • മൂർത്ത അമൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള സംഖ്യകളുടെ വ്യാഖ്യാനം<br>• സംഖ്യാപാറ്റേണുകൾ രൂപീകരിക്കുന്നു.<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ, straw, മുത്ത്, ബോൾ) എണ്ണൽ, കെട്ടുകളാക്കൽ, കൂട്ടങ്ങളാക്കൽ, മഞ്ചാടിസഞ്ചി.<br>• അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, സംഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ<br>• സങ്കലനം, മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | | |

## English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| Lack of communication skill | Conducting English fest. Language lab English assembly | | | |
| Children | Introducing English library | | | Teachers |
| Insufficient vacabulary | word games word study using computers spelling contests making cross word puzzles | | | |
| | workshop for teachers on teaching learning materials. | | | Teachers PTA |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തു |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണയില്ല. | • പ്രാദേശികഭൂപടം, ഗ്ലോബ് തയ്യാറാക്കൽ.<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക. ദിശാനിർണയം | ജൂൺ മുതൽ മാർച്ച് | | പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ. |
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറിച്ചും ധാരണക്കുറവ് | വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരണം, പ്രദർശനം. | | | |
| പാഠഭാഗം ലളിതവും ആകർഷകവുമാകുന്നില്ല. | വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ, ഐ.ടി അധിഷ്ഠിതമായ TM വികസിപ്പിക്കൽ. | | | |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം.<br>• ശാസ്ത്ര പോഷണ പരിപാടി.<br>• വായനാ പരിപോഷണം.<br>• ലൈബ്രറി ശാക്തീകരണം<br>• പ്രതിഭാപോഷണ പരിപാടി<br>• ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ-കായികമേള<br>• ഐ.ടി പരിശീലനം<br>• പ്രവൃത്തി പരിചയം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• SRG ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• ഒറിഗാമി ശില്പശാല<br>• ദിനാചരണം | • ചുറ്റുമതിൽ<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ് മുറികൾ<br>• സ്റ്റാഫ് മുറി<br>• വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• ലൈബ്രറി<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യസംസ്കരണം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• എന്റെ വീട്ടിലും ഒരു ഔഷധിത്തോട്ടം<br>• ഭാഷോത്സവം. | • പി.ടി.എ ശക്തിപ്പെടുത്തൽ.<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സമിതി<br>• SSG<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസപ്രവർത്തകർ, പൂർവ്വാധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ.<br>• ഭവനസന്ദർശനം |

## വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ 2024-25

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജനറൽ | | SC പട്ടികജാതി | | ST പട്ടികവർഗം | | ഒ.ഇ.സി | | ഒ.ബി.സി | | ആകെ | | സവിശേഷ സഹായ ആവശ്യമുള്ളവർ | |
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| LKG | 1 | 1 | 1 | - | - | - | - | - | 2 | - | 4 | 1 | - | - |
| UKG | 2 | - | 1 | - | - | - | - | - | 3 | 1 | 6 | 1 | - | - |
| I | 2 | 3 | 1 | - | - | - | - | - | 3 | 2 | 6 | 5 | 1 | - |
| II | 2 | 3 | - | 1 | - | - | - | - | 5 | 3 | 7 | 7 | 1 | - |
| III | 2 | 6 | 1 | - | - | - | 1 | 2 | 5 | 1 | 6 | 9 | - | - |
| IV | 1 | 1 | 2 | - | - | - | 1 | - | 4 | 1 | 8 | 2 | - | - |

# വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ 2025-26

| ക്ലാസ്സ് | ജനറൽ | | SC പട്ടികജാതി | | ST പട്ടികവർഗ്ഗം | | ഒ.ഇ.സി | | ഒ.ബി.സി | | ആകെ | | സവിശേഷകരുതൽ ആവശ്യമുള്ളവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| L.K.G | 2 | 3 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 3 | | |
| U.K.G | 1 | 1 | 1 | 0 | 0 | 0 | 0 | 0 | 2 | 1 | 4 | 2 | | |
| I | 3 | 1 | 1 | 0 | 0 | 0 | 0 | 0 | 3 | 1 | 7 | 2 | | |
| II | 3 | 2 | 1 | 0 | 0 | 0 | 0 | 0 | 3 | 2 | 7 | 4 | | |
| III | 3 | 3 | 0 | 1 | 0 | 0 | 0 | 0 | 5 | 3 | 8 | 7 | | |
| IV | 3 | 6 | 1 | 0 | 0 | 0 | 1 | 2 | 2 | 1 | 7 | 9 | | |

## കുടദൂർ ഗ്രാമപ്പഞ്ചായത്ത് - പ്രതിനിധികൾ

- ശ്രീമതി. അനുരാധ സുരേഷ് (ഗ്രാമപഞ്ചായത്ത് പ്രസിഡ
- ശ്രീ. N.T ഏബ്രഹാം (വിദ്യാ: സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
- ശ്രീമതി. സാലി ജോൺ (ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്)
- സാറാമ്മ K. വർഗ്ഗീസ് (വാർഡുമെമ്പർ)

## അധ്യാപകർ

- ശ്രീമതി. സുജ ജോൺ (പ്രഥമാധ്യാപിക)
- ശ്രീമതി. ശ്രീജ T.R (അധ്യാപിക)
- ശ്രീമതി. ലേഖ A (അധ്യാപിക)
- ശ്രീ. ജസ്റ്റിൻ രാജ്. T (അധ്യാപകൻ)

## പ്രീ-പ്രൈമറി വിഭാഗം

ശ്രീമതി. സംതൃപ്തി V. നായർ (പ്രീ-പ്രൈമറി അധ്യാപിക)
ശ്രീമതി. പുഷ്പദേവി K (ആയ)

## അനധ്യാപകർ

ശ്രീ. ജോസഫ് ജോസഫ് (PTCM)
ശ്രീമതി. ജിനിമോൾ (ഉച്ചഭക്ഷണം)

## സ്കൂൾ മാനേജ്മെന്റ് കമ്മറ്റി പ്രതിനിധികൾ

ശ്രീമതി. ഷിജിമോൾ സജി (ചെയർപേഴ്സൺ)
ശ്രീമതി. സീമ രതീഷ് (വൈസ് ചെയർപേഴ്സൺ)
ശ്രീമതി. ബിജിമോൾ M.S (മാതൃസമിതി പ്രസിഡന്റ്)

## മറ്റ് കമ്മറ്റികൾ

- ഉച്ചഭക്ഷണക്കമ്മറ്റി
- പൂർവ്വ വിദ്യാർത്ഥിസംഘടന
- സ്റ്റാഫ് കൗൺസിൽ
- സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂ
- എസ്. ആർ. ജി.

## പദ്ധതി വിശദാംശങ്ങൾ

**പ്രവർത്തനത്തിന്റെ പേര്** : ഇംഗ്ലീഷ് അസംബ്ലി

**ഉപമേഖല** : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര്** : ഇംഗ്ലീഷ് തീയറ്റർ

**ഉപമേഖല** : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ: skit, conversation drama etc. | പ്രതിമാസ പരിപാടി | അധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധി-കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. | 5 ദിവസം (അവധി കാലം) | പി.ടി.എ പ്രസിഡന്റ് HM Teacher | 1000/- |

പ്രവർത്തനത്തിന്റെ പേര് : പദപ്രശ്നനിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ കണ്ടെത്തുന്നു. | പ്രതിമാസ പരിപാടി | Teachers. | |

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര ബോധനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം. | SRG | - |

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | SRG ഗണിതക്ലബ് /അധ്യ. വിദ്യ | |

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | |

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ് | |

## പ്രതീക്ഷിതനേട്ടങ്ങൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും അടിസ്ഥാനശേഷി വളർത്തുക. കുട്ടികളുടെ സ്വഭാവരൂപീകരണം വളർത്തുക. സമൂഹത്തിൽ സ്കൂളിന് ഏറ്റവും മികച്ച സ്ഥാപനമായി ഉയർത്തി കാട്ടുക.

## മോണിട്ടറിംഗ്

കൃത്യമായ ഇടവേളകളിൽ പ്രഥമാധ്യാപിക ക്ലാസ് സന്ദർശിച്ച് ടീച്ചിംഗ് മാന്വലും ക്ലാസും വിലയിരുത്തുന്നു. കൂടാതെ CRCC യുടെ പിന്തുണ ലഭിക്കുന്നു. മേൽ ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും ക്ലാസ്സും പ്രവർത്തനങ്ങൾ വിലയിരുത്തുകയും മികവുകളും പോരായ്മകളും വിശദമാക്കി തരികയും ചെയ്യുന്നു.

## ഉപസംഹാരം

2024 – 2025 സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ മുമ്പുള്ളതിന്റെ കൂട്ടിച്ചേർക്കലുകൾ നടത്തി തയ്യാറാക്കിയിട്ടുണ്ട്.